**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3486 — 22.08.2017 ൽ മറുപടിക്ക്

## ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളിൽ ദേവികുളം നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ? | ദേവികുളം നിയോജക മണ്ഡലത്തിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള അടിമാലി താലൂക്കാശുപത്രിയെ ആർദ്രം മാനദണ്ഡമനുസരിച്ച് അധിക തസ്തിക സൃഷ്ടിച്ചുകൊണ്ടും ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കികൊണ്ടും ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുകയും ആർദ്രം മാനദണ്ഡപ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള സമാഹൃത പ്രൊപ്പോസലിൽ ടി ആശുപത്രിയെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ടി ആശുപത്രിയിൽ 2 സ്റ്റാഫ് നഴ്സിന്റെയും 2 ലാബ് ടെക്നീഷ്യന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതിയായ ആർദ്രം പദ്ധതിയിൽ ദേവികുളം നിയോജക മണ്ഡലത്തിലെ വട്ടവട പി.എച്ച്.സി യെ കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനും അതിൻപ്രകാരം ആർദ്രം മാനദണ്ഡമനുസരിച്ച് ഒരു അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തിരഞ്ഞെടുത്ത പി.എച്ച്.സി കളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതിനും പ്ലാൻ ഫണ്ടിൽ തുക വകയിരുത്തിയിട്ടുണ്ട്.അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ NHM വഴിയും KMSCL വഴിയും നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ